11 (*131) ശിശു സംരക്ഷണ കേന്ദ്രങ്ങൾ

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീമതി രാധാരാഘവൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ തൊഴിലാളികളും സ്ത്രീ ഉദ്യോഗസ്ഥകളും കൂടുതലുള്ള സ്ഥലങ്ങളിൽ ശിശു സംരക്ഷണ കേന്ദ്രങ്ങൾ തുറക്കണമെന്ന് വനിതാ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) ഈ ശുപാർശ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനകം എവിടെയെല്ലാം ശിശു സംരക്ഷണ കേന്ദ്രങ്ങൾ തുറക്കാൻ തീരുമാനമായെന്നും എവിടെയെല്ലാം ഇത്തരം കേന്ദ്രങ്ങളുടെ പണി ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ, ബി, ആന്റ് സി) ഉണ്ട്. ഈ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. വനിതകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളോടനുബന്ധിച്ച് സർക്കാർ ക്രഷുകൾ സ്ഥാപിച്ച് നടത്തുക എന്ന ശുപാർശ സർക്കാരിന് ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന ഒന്നാണ്. എന്നാൽ അതാത് സ്ഥാപന മേധാവികൾ മുൻകൈയെടുത്ത് സൊസൈറ്റികൾ രജിസ്റ്റർ ചെയ്ത് ക്രഷുകൾ തുടങ്ങിയിട്ടുള്ള അനേകം ഓഫീസുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ വിവരങ്ങൾ വനിതാ കമ്മീഷനെ 1999 നവംബർ മാസം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടി ശുപാർശയുടെ പകർപ്പുകൾ 29.12.1999-ൽ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

12 (*132) ഗ്രാമവികസന പദ്ധതി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി കെ. ശൈലജ ടീച്ചർ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നു വർഷത്തിനകം ഗ്രാമവികസന പ്രവർത്തന രംഗത്ത് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഗ്രാമവികസന രംഗത്ത് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഗ്രാമവികസന രംഗത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തെങ്കിലും നടപ്പാക്കി വരുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികൾ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly